## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3888 — 21-10-2016 ൽ മറുപടിയ്ക്ക്

### ഓണാട്ടുകര പ്രദേശത്തെ തരിശായ നെൽവയലുകൾ

**ചോദ്യം**
ശ്രീമതി യു. പ്രതിഭ ഹരി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ആലപ്പുഴ ജില്ലയിലെ ഓണാട്ടുകര പ്രദേശത്ത് നെൽവയലുകൾ തരിശായിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഭൂമികൾ കണ്ടെത്തി കൃഷി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ഓണാട്ടുകര പ്രദേശത്ത് ഇരുപ്പൂ (വിരിപ്പ്, മുണ്ടകൻ), മുപ്പൂ (വിരിപ്പ്, മുണ്ടകൻ, എളള്/പയർ) നിലങ്ങൾ ഭൂരിഭാഗവും തരിശായി കിടക്കുകയാണ്. നിലം നികത്തുന്നത് മൂലം പാടശേഖരങ്ങളുടെ സ്വാഭാവികമായ നീരൊഴുക്ക് തടസ്സപ്പെട്ടതും വർദ്ധിച്ച കൃഷി ചെലവും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതുമാണ് കർഷകർ തരിശിടുന്നതിന് കാരണമായത്. ഓണാട്ടുകര പ്രദേശത്ത് നെൽകൃഷി വീണ്ടെടുക്കണമെങ്കിൽ വൻതോതിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. കൃഷി ചെയ്യാൻ സൗകര്യമുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിലേയ്ക്കായി കൃഷി വകുപ്പിന്റേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പാടശേഖരസമിതികൾ കർഷക ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരുടെ പങ്കാളിത്തത്തോടെയുള്ള പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ